

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ
പരിശീലന പാഠാവലി.

# അദ്ധ്യായം ഏഴ്

# ക്രിസ്തീയ ജീവിതം വചനാധിഷ്ഠിതം





# വചനത്തിന്റെ ധർമങ്ങൾ

- ദൈവവചനത്തിന്റെ ധർമ്മങ്ങളെക്കുറിച്ച്പൗലോസ്ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ് : "വിശുദ്ധ ലിഖതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും, ശാസനത്തിനും, തെറ്റു തിരുത്തലിനും, നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു. (2 തിമോ 3: 16–17).
- ജീവിതത്തിന്റെ സമഗ്രമായ പുരോഗതിക്കും, ധാർമികമായ വളർച്ചയ്ക്കും ദൈവവചനം സഹായിക്കുന്നു. മാത്രമല്ല, അത് മനുഷ്യനെ വിശുദ്ധീകരിക്കുകയും, മാനസാന്തരത്തിലേക്കും സൗഖ്യത്തിലേയ്ക്കും നയിക്കുകയും ചെയ്യുന്നു.



# ജീവൻ നൽകുന്ന വചനം

- ദൈവത്തിന്റെ വചനം ജീവൻ നൽകുന്നതാണ്.
- “ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവും ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതുമാണ്’‘(ഹെബ്രാ. 4:12).
- “എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്’‘ (യോഹ. 5:25).
- “ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്” (യോഹ. 6:63).
- “ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്” (യോഹ. 10:10).
- അതിനാൽ വചനം ജീവദായകമാണ്.



# രൂപാന്തരപ്പെടുത്തുന്ന വചനം

- വചനം ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നു (ഹെബ്രാ. 4:12).
- വി. അഗസ്തീനോസ്, വി. ഇഗ്നേഷ്യസ്, വി. ഫ്രാൻസീസ് “ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?” (മർക്കോ. 8:36).

# വിശുദ്ധീകരിക്കുന്ന വചനം

- **പാപങ്ങളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും മോചിതരാകാൻ സിദ്ധൗഷധം** പോലെ ദൈവവചനം വർത്തിക്കുന്നു. അനുദിനജീവിതത്തിൽ എത്രയോ പ്രലോഭനങ്ങളാണ് മനുഷ്യനെ മാടിവിളിക്കുന്നത്. (മത്താ 4:4). ദൈവവചത്തിന്റെ ശക്തി പ്രലോഭനങ്ങളെ അതിജീവിച്ചത്. രോഗങ്ങളിൽ നിന്നും തിന്മയുടെ ബന്ധനങ്ങളിൽ നിന്നും നമ്മെ വിമോചിപ്പിക്കുവാൻ ശക്തിയുള്ളതാണു ദൈവവചനം.

**ദൈവവചനം ഹൃദയത്തിൽ സൂക്ഷിയ്ക്കുന്നവനിലേയ്ക്കു പാപം പ്രവേശിക്കുകയില്ല.** സങ്കീർത്തകൻ പറയുന്നു : "അങ്ങേയ്ക്കു എതിരായി പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു" (സങ്കീ. 119:11). ഇസ്രായേൽ ഭവനത്തിലേക്ക് അയയ്ക്കപ്പെട്ട എസെക്കിയേൽ പ്രവാചകനോടു ദൈവം ആവശ്യപ്പെടുന്നത് അവിടുത്തെ വചനം ഭക്ഷിക്കാനാണ്. അദ്ദേഹം വിശുദ്ധ ലിഖിതങ്ങളുടെ ചുരുൾ ഭക്ഷിച്ചു. അദ്ദേഹത്തിന്റെ വായിൽ അതു തേൻപോലെ മധുരിച്ചു (എസെ. 3:3).

**ഹൃദയത്തിലും മനസ്സിലും അനവരതം സൂക്ഷിക്കേണ്ട അടയാളമാണത്.** തലമുറകളിലേയ്ക്കു പകരേണ്ട അനശ്വര നിധി. "എന്റെ ഈ വചനം ഹൃദയത്തിലും മനസ്സിലും സൂക്ഷിക്കുവിൻ. അടയാളമായി അവയെ നിങ്ങളുടെ കൈയിൽ കെട്ടുകയും പട്ടമായി നെറ്റിത്തടത്തിൽ ധരിക്കുകയും ചെയ്യുവിൻ. നിങ്ങൾ വീട്ടിലായിരിക്കുമ്പോഴും യാത്രചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിച്ചുകൊണ്ട് നിങ്ങളുടെ മക്കളെ പഠിപ്പിക്കണം" (നിയമ. 11:18–19).



# വചനാധിഷ്ഠിതജീവിതം ശിഷ്യത്വത്തിന്റെ അടയാളം

- “ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് എന്റെ അമ്മയും സഹോദരരും'‘ (ലൂക്ക 8:21).
- ദൈവവചനത്തെ കണ്ടുമുട്ടുക, അത് പ്രാർത്ഥിക്കുക, അതിൽ ജീവിക്കുക എന്നതാണ് ക്രൈസ്തവനുള്ള പരമമായ വിളി.

വി. അഗസ്തീനോസിന്റെ വാക്കുകളിൽ “നിന്റെ പ്രാർത്ഥന ദൈവത്തോട് പറയുന്ന നിന്റെ വാക്കാണ്. നീ ബൈബിൾ വായിക്കുമ്പോൾ ദൈവം നിന്നോട് സംസാരിക്കുന്നു”. പരി. പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ യുവജനങ്ങളോട് പ്രത്യേകമായ ഒരഭ്യർത്ഥന നടത്തിയിട്ടുണ്ട്. “ബൈബിളുമായി പരിചയമുള്ളവരായിത്തീരാനും അതു കൈവശം വയ്ക്കാനും നിങ്ങളെ ഞാൻ നിർബന്ധിക്കുന്നു. അതു നിങ്ങൾക്കു പിന്തുടരാനുള്ള വഴി ചൂണ്ടിക്കാണിക്കുന്ന ദിക്കു നിർണ്ണയന യന്ത്രമായിരിക്കാൻ വേണ്ടി തന്നെ”.

# വചനാധിഷ്ഠിതജീവിതം നയിക്കാൻ

1. വചനത്തെ അറിയണം
2. വചനം ശ്രവിക്കണം
3. വചനാർത്ഥം ഗ്രഹിക്കണം.
4. വചനാനുസൃതം പ്രവർത്തിക്കണം
5. ശക്തിക്കായി പ്രാർത്ഥിക്കണം.




THANK
YOU